**ലോകചരിത്രത്തിലാദ്യമായി പുല്ലൂറ്റ്- കൊടുങ്ങല്ലൂരിൽ (മുരചീപത്തനം = മുസിരിസ് - ശ്രീമദ് വാല്മീകി രാമായണം കിഷ്കിന്ധാകാണ്ഡം 42-ാം സർഗ്ഗം- സുഷേണപ്രേഷണം) ലോകത്തിൽ വച്ച് ഏറ്റവും വലിയ ലോകസമാധാനത്തിനുള്ള ദൈവീക സന്ദേശം.**

# സമൂഹത്തിലെ മൂല്യച്യുതി

**(സമൂഹത്തിലെ മൂല്യച്യുതി അഥവാ**
**കാലാവസ്ഥ വ്യതിയാനകാരണവും നിവാരണവും)**

**മഹാത്മാക്കളുടെ ആണ്ട് നേർച്ചയും സാംസ്കാരിക സമ്മേളനവും ആത്മീയ സദസ്സും രിഫാഇൗറാത്തീബ് മജ്ലിസും പരിപാടിയിൽ ശ്രീഗുരുമഹർഷി ഷൺമുഖദാസരുടെ ഏകശിഷ്യൻ സ്വാമി ഗുരുപ്രസാദ് അവതരിപ്പിച്ച പ്രബന്ധം.**

| | | |
|---|---|---|
| **തീയതി** | : | **2012 ജൂലൈ 18 ബുധൻ** |
| **വേദി** | : | **അൽ അലീദർബാർ ചാരിറ്റബിൾ ട്രസ്റ്റ്, പുല്ലൂറ്റ്, കൊടുങ്ങല്ലൂർ.** |
| **അദ്ധ്യക്ഷൻ** | : | **ഡോ. സയ്യിദ് കരീം അലീശാഹ്** (MD, DSc)<br>**സദ്ഗുരു നാഗൂർ ദർഗ്ഗ ശരീഫ്** |
| **ഉദ്ഘാടനം** | : | **ശ്രീമതി സുമാ ശിവൻ**<br>**(ബഹു. മുനിസിപ്പൽ ചെയർ പേഴ്സൺ, കൊടുങ്ങല്ലൂർ)** |





**മഹാത്മാക്കളേ !,**

***ഗുരുദർശനം പുണ്യം***
***വന്ദനം പാപനാശനം***
***വിശ്വാസം കോടിതീർത്ഥം ച***
***അനുഗ്രഹം മോക്ഷകാരണം***

കാലാവലോകനം ചെയ്ത് മനുഷ്യൻ കാര്യം നേടണം എന്ന് കാലസ്വരൂപനായ പരമേശ്വരൻ അരുളി ചെയ്യുന്നു. മാതാപിതാഗുരുദൈവം എന്ന ബോധം മറന്ന് ദുർഗുണങ്ങൾ വളർന്ന് സൽഗുണങ്ങൾ ഇല്ലാതെ അതികഠിനങ്ങളായ രോഗദുരിതങ്ങളും മറ്റും അനുഭവിച്ച് ഭൂലോകമനുഷ്യർ പരസ്പരം കലഹിച്ചും വിരോധിച്ചും നരകയാതനയനുഭവിച്ചു കൊണ്ടിരിക്കുന്ന അതിദയനീയ ദുരവസ്ഥ വേദാന്തസാരമായ ശ്രീമദ്മഹാഭാഗവതം ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു:-

സത്യതപശ്ശൗചദാനദയാദികൾ
മർത്ത്യരിലാരിലും കാണുന്നതില്ലഹോ!
പള്ളനിറയ്ക്കണമെന്നേ നിനവുള്ളൂ-
കള്ളമതിനായ് പറയുന്നിതെപ്പൊഴും.
മന്ദര ചാരരഹിതരശക്തരെ
യെന്നുമതിയായുപദ്രവിച്ചീടുവോർ
ഭാര്യാന്വിതരായ് വിരക്തർവിധം ഗൃഹാ-
ചാരധർമ്മം വെടിഞ്ഞുനടക്കുവോർ.
എന്നിത്തരക്കാർ നിറഞ്ഞൂ ധരിത്രിയി-
ലീന്നില്ലയോഗിയും ജ്ഞാനിയും സിദ്ധനും,
വീട്ടുമൂപ്പിപ്പോള ബലകൾക്കായിതു,
കഷ്ടം! പിതാക്കൾ വിൽക്കുന്നു പെൺമക്കളെ,
നിത്യകൃത്യം ജന്തുഹിംസയാക്കീടുവോൻ
ബുദ്ധിപറയാനടുത്തുകൂടുന്നിതു.

ദമ്പതിമാർ തമ്മിലെപ്പൊഴും ശണ്ഠയാ-
ണമ്പലമെല്ലാം മുടിക്കുന്നു ദുർജനം.
പുണ്യാശ്രമങ്ങൾതീർത്ഥങ്ങൾ സരിത്തുക-
ളെന്നിവയും നിരോധിക്കുന്നതിഖ്ഖലർ.
എന്തിന്നു? ശ്രേയസ്ക്കരമാംപദാർത്ഥങ്ങൾ
വെന്തുവെണ്ണീറായ് കലിയാം ദവാഗ്നിയാൽ
ചോറുവിൽക്കുന്നു ദേശം പ്രതിവേദങ്ങൾ
തീറുകൊടുക്കുന്നു നീചർക്കിളാസുരർ.
വിത്താശയാൽമത്തകാശിനീസഞ്ചയം-
നിത്യം വ്യഭിചാരവൃത്തി തുടരുന്നു.
ഇത്ഥം കലികാലദോഷങ്ങൾ കൃത്യമാ-
യെത്രയെന്നെണ്ണിപ്പറയാനസാദ്ധ്യമാം (31-36)
(ശ്രീമദ്ഭാഗവതമാഹാത്മ്യം ഭാഷാഗാനം അദ്ധ്യായം ഒന്ന്)

പരിപൂർണ്ണതമാവതാരമായ ഭഗവാൻ ശ്രീകൃഷ്ണനും, ശ്രീമദ് ഭഗവത് ഗീതയും, ലോകത്തിൻ പാപമെല്ലാം കഴുകി ശുദ്ധമാക്കാൻ ദിവ്യമാം തീർത്ഥമായി അവനിയിലൊഴുകുന്ന ഗംഗാമാതാവും മറ്റനേകം ഈശ്വരതുല്യരായ പുണ്യാവതാരങ്ങളും പിറന്ന പുണ്യഭൂമിയെന്നു പുകൾപെറ്റ ഭാരതം എന്നെല്ലാഭൂലോകം മുഴുവൻ ഇന്ന് കലിയുടെ ദുർഭരണത്തിനു വിളനിലം ആയിത്തീർന്നിരിക്കുന്നു.

ദുർഗുണങ്ങളുടെ മൂർത്തികളും സൽഗുണങ്ങളുടെ മൂർത്തികളും ഒരേ ഒരു സർവ്വേശ്വരന്റെ സൃഷ്ടികൾ-മക്കളാണല്ലോ! ദുർഗുണങ്ങളുടെ മൂർത്തികൾ ഒരിക്കൽ സർവ്വേശ്വരനോട് തങ്ങൾക്കും സ്വൈര്യവിഹാരം നടത്താൻ ഒരു കാലം തരണമെന്നപേക്ഷിച്ചപ്പോൾ അവരുടെ പ്രാർത്ഥന കൈക്കൊണ്ട് സർവ്വകാരണകാരണനായ യോഗേശ്വരൻ ശ്രീകൃഷ്ണൻ തന്റെ മായാമാനുഷവേഷം ത്യജിച്ചതിനുശേഷം ആരംഭിച്ച കലിയുഗത്തിൽ ഭൂലോകം കലിയുടെ വിളനിലമാക്കിത്തീർക്കാൻ അനുവാദം നൽകി.

കലിയുഗാരംഭം ബി.സി. 3102 ഫെബ്രുവരി 15-16 രാത്രി ആയിരുന്നു ശ്രീകൃഷ്ണപരമാത്മാവിന്റെ തിരോധാനം മുതൽ അങ്ങിനെ ദുർഗണങ്ങൾക്കു ആധിക്യമുള്ള കലിയുഗം (Climate Change) ആരംഭിച്ചു. കലി





യുഗം 5114 തികയുന്നദിനം 2012 ഫെബ്രുവരി * 15-16 സമൂഹത്തിലെ മൂല്യച്യുതി എന്നപേരിൽ ലേഖനം തയ്യാറാക്കുന്നത് തികച്ചും ഒരു ദൈവീകനിയോഗമെന്നബോധത്തിലാകുന്നു.

(**ശ്രീമദ് മഹാദേവി ഭാഗവതം അവതാരിക പുറം 16** * "ക്രി.മു. - 3102 ഫെബ്രുവരി 16 ന് ഉദിക്കും മുമ്പ് 2 മണി 27 മിനിട്ട് 30 സെക്കന്റ് ചെന്ന സമയം കലിയുഗാരംഭം.)

കൃഷ്ണയുഗം, ബുദ്ധയുഗം, ക്രിസ്തുയുഗം, ഇസ്ലാംയുഗം ഇങ്ങനെ മതങ്ങളുടെ പേരിലുള്ള വകഭേദങ്ങൾ ഉണ്ടായെങ്കിലും അന്നും ഇന്നും എന്നും കാലസ്വരൂപിയായ ഒരേ ഒരു ഈശ്വരന്റെ ലീലാവിലാസങ്ങൾ ആണ് കാലാവസ്ഥവ്യതിയാനം (Climate Change) സംഭവിക്കുവാൻ കാരണമെന്ന് സൂക്ഷ്മമായി ചിന്തിച്ചാൽ അറിയാൻ കഴിയുന്നതാകുന്നു.

"അങ്ങിനെ ഈശ്വരവിധിപ്രകാരം ബലമേറിയതും ദുഷ്ടാചാര സങ്കുലവുമായ കലികാലം ആരംഭിച്ചതോടുകൂടി മനുഷ്യരിൽ സദ്വിചാരങ്ങൾ താനേ ഇല്ലാതായി. ബ്രാഹ്മണരുടെ വേദശാസ്ത്രാചാരങ്ങളെല്ലാം ദുഷിച്ചു. ഭരണാധികാരികൾ നീതിമാർഗ്ഗം വെടിഞ്ഞ് പ്രജകളെ നിരന്തരം ദ്രോഹിക്കുന്നു. ജനങ്ങൾ ധർമ്മമാർഗ്ഗം വെടിഞ്ഞ് അധർമ്മചാരികളായിത്തീർന്നു. മദമത്സരഭാവം വർദ്ധിച്ചു. മദ്യപാനവും ചൂതുകളിയും പതിവായിത്തീർന്നു. ഗുരുനാഥൻ, മാതാപിതാക്കൾ, ബ്രാഹ്മണർ, പതിവ്രതകൾ എന്നിവരുടെ രക്ഷണം നിസ്സാരതുക ചിലവിട്ടുനിർവ്വഹിക്കാമെന്നു കരുതുന്നു. നേരെമറിച്ച് ഗണികകളെ തൃപ്തിപ്പെടുത്താൻ എത്ര പണം വേണമെങ്കിലും വാരി കോരി ചിലവിടുന്നു.

സ്വന്തം അമ്മയ്ക്കുകൊടുക്കാൻ വല്ലപഴന്തുണിയും മതിയെന്നു പറയുന്നവർ വേശ്യകൾക്കുടുക്കാൻ നൽകുന്നത് പുതിയപുതിയ പട്ടുവസ്ത്രങ്ങളായിരിക്കും.

ശിവപൂജയ്ക്കു മണവും ഗുണവുമില്ലാത്ത പൂക്കളൊരുക്കിക്കൊടുത്ത് കുലടകൾക്കായി വിശേഷതരം പൂക്കൾ ശേഖരിക്കും. അച്ഛനമ്മമാരെ അനാദരിക്കും. വിനയം കാണിക്കാതെ മക്കളെ ഉപേക്ഷിക്കും. പാരുഷ്യം പറയുന്ന ഭാര്യയെ തൃപ്തിപ്പെടുത്താൻ ആശ്രയിച്ചുകൂടും. അമ്മയെയും അച്ഛനെയും ഗുരുതുല്യരെയും നിന്ദിക്കുകയും തല്ലുകയും ചെയ്യുമെങ്കിലും ഭാര്യ

യെ തഴുകും. പ്രിയമില്ലാത്ത കാര്യങ്ങൾ മകന്റെ ഭാര്യപറയുമ്പോൾ മാതാപിതാക്കൾ എല്ലാം കേട്ടു സഹിക്കും.

അനാദിയായ വേദങ്ങളും അവയിൽ പറയുന്ന ധർമ്മകർമ്മങ്ങളും സത്യവും, മനഃശുദ്ധിയും അസ്തമിക്കും. ബ്രാഹ്മണരിലും ദേവന്മാരിലും ധർമ്മശാസ്ത്രഗ്രന്ഥങ്ങളായ പുരാണങ്ങളിലുമുള്ള വിശ്വാസം നശിക്കും. സ്വന്തമായമതം ഉപേക്ഷിച്ച് അന്യമതം സ്വീകരിക്കും. കലിയുടെ വൈഭവം ഇങ്ങനെ വായ്ക്കുമ്പോഴത്തെ കാലാവസ്ഥയിൽ മനോവ്യാകുലതയിലാണ് ഭൂലോകമനുഷ്യർ കഴിഞ്ഞുകൂടുന്നത്". (അവലംബം യുധിഷ്ഠിര അശ്വമേധം)

കലിയുഗത്തിൽ സമാധാനവും ശാന്തിയും കൈവരുവാൻ മാർഗ്ഗമെന്താണ്? ഇതിനുവേണ്ടി മനുഷ്യർക്ക് പരിശ്രമിക്കുവാൻ സാധ്യമാകുമോ? പരിശ്രമിക്കാൻ സാധിച്ചാൽ തന്നെ സമാധാനവും ശാന്തിയും കൈവരുമോ? എന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് കലിയുഗപുരുഷൻ പ്രജാപതി തപോനിധി ശ്രീഗുരുമഹർഷി ഷൺമുഖദാസരുടെ ഉപദേശം (1919 - 2010) ശ്രദ്ധിച്ചാലും :-

വാൽസല്യശിഷ്യന്മാരെ! സമാധാനവും ശാന്തിയും കൈവരുത്തുവാൻ ഈശ്വരനെ ആശ്രയിക്കുകയല്ലാതെ ഗത്യന്തരമില്ല. ഭൗതികന്മാരായലും ആത്മീയക്കാരായാലും എല്ലാവർക്കും ഈശ്വരനെ ആശ്രയിച്ചാൽ മാത്രമേ ശ്രേയസ്സുകൾ ലഭിക്കുകയുള്ളൂ! ഈശ്വരബോധത്തിൽ കൂടി മാത്രമേ സമാധാനവും ശാന്തിയും കൈവരികയുള്ളൂ. ഭൗതികമായ വളർച്ചയും ഈശ്വരനാണ് പ്രദാനം ചെയ്യുന്നത്. ഭൗതികവാദികളും ഈശ്വരനെ ആശ്രയിച്ചുകൊണ്ടാണ് ജീവിക്കുന്നതും ശ്രേയസ്സുകളെ പ്രാപിക്കുന്നതും. ശാരീരികവും മാനസീകവുമായ എല്ലാ രോഗങ്ങളും ദുഃഖങ്ങളും സകലവിധമായ ദോഷങ്ങളും പാപങ്ങളും എല്ലാം നശിക്കണമെങ്കിൽ ഈശ്വരനെ ആശ്രയിച്ചുകൊണ്ടുതന്നെ പരിശ്രമിക്കതന്നെ വേണം. **എല്ലാം ഈശ്വരവിധേയമാകുന്നു എന്നതാണ് അറിയേണ്ടതായ പരമപ്രധാനമായ വസ്തുത**. ഈശ്വരനെ പ്രീതിപ്പെടുത്തിക്കൊണ്ടുവേണം ജീവിതം നയിക്കേണ്ടത്. ഈ ജീവിതമാണ് യഥാർത്ഥജീവിതം. ഈ മനുഷ്യനാണ് നല്ലവനായ മനുഷ്യൻ. ഈ മനുഷ്യന്റെ ജന്മമാണു സഫലം. ഈ മനുഷ്യനുവേണ്ടിയാണ് സമാധാനവും ശാന്തിയും സ്വർഗ്ഗവും മോക്ഷവും എല്ലാം കാത്തിരിക്കുന്നത്. ഈ വസ്തുത അറി



21 st Century Prescription for World Peace
(Real solution for climate change)
www.bhaktashramam.org, Email: bhaktashramam@ymail.com, Ph: 9249502297

ഞ്ഞുകൊണ്ട് എല്ലാവരും ഈശ്വരനെ പ്രസാദിപ്പിച്ചു ജീവിക്കുകയാണെങ്കിൽ ഭൂലോകത്തിൽ ശാന്തിയും സമാധാനവും കൈവരും. ഇതല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. പാവപ്പെട്ടവർ പ്രത്യേകമായും ഇതുമനസ്സിലാക്കി ജീവിച്ച് ഈശ്വരപ്രീതി വരുത്തി ശ്രേയസ്സുകൾ സമ്പാദിക്കുവാൻ ശ്രമിക്കേണ്ടതാകുന്നു.

എന്നാൽ ഈ കലിയുഗത്തിൽ ഇത് ഏറ്റവും പ്രയാസമുള്ള കാര്യമാകുന്നു. ദൈവാധീനത്തോടുകൂടി എല്ലാത്തിനേയുംതരണം ചെയ്ത് സധൈര്യം മുന്നോട്ടുപോവുകയാണെങ്കിൽ തീർച്ചയായും വിജയിക്കും. ഇങ്ങനെയുള്ളവർക്കു കലിയുഗ ദോഷങ്ങളെല്ലാം നശിപ്പിച്ചുകൊണ്ട് മോക്ഷം കൂടിയും കരസ്ഥമാക്കാൻ സാധിക്കും. ദുഷ്ടൻമാർക്കും മൂഢൻമാർക്കും കൂടി പരിശ്രമിച്ചാൽ ഇതുസാധിച്ചെന്നുവരും. അതുകൊണ്ട് അറിഞ്ഞു ശ്രമിച്ചാൽ സകലശ്രേയസ്സുകളും സമ്പാദിക്കുവാൻ എളുപ്പമുള്ള ഒന്നാണ് കലിയുഗം എന്ന് ജ്ഞാനികൾ പറയുന്നു.

"ധർമ്മാർത്ഥകാമമോക്ഷശ്രേയോലാഭത്തിനുള്ള
**സന്മാർഗ്ഗം ഹരിപാദസേവനമൊന്നുതന്നെ." (ശ്രീമദ് ഭാഗവതം 4/41)**

**(സന്മാർഗ്ഗത്തിന്റെ വിശദീകരണ ഗ്രന്ഥമായ വിശുദ്ധ ഖുറാനും വേദാന്ത സാരമായ ശ്രീമദ് ഭാഗവതവും ഏകദൈവ വിശ്വാസ സിദ്ധാന്ത പ്രമാണ ഗ്രന്ഥങ്ങളാകുന്നു.)**

**വസിഷ്ഠമഹർഷിയും വേദ്യവ്യാസമഹർഷിയും പാണ്ഡവന്മാർക്ക് ദുഃഖനിവൃത്തിക്കായി നൽകിയ ദിവ്യജ്ഞാനോപദേശങ്ങൾ.**

(ശ്രീ ഗുരുവരുൾ. 2010 ഫെബ്രുവരി ഒന്ന്. സമയം രാത്രി ഏഴുമണി. സ്ഥലം ഭക്താശ്രമം, ഷൺമുഖപുരം, എറണാകുളം, കൊച്ചി - 12).

1. സൽക്കർമ്മത്തിനും ദുഷ്ക്കർമ്മത്തിനും ഫലമുണ്ട്. സൽക്കർമ്മമായാലും ദുഷ്ക്കർമ്മമായാലും ഉടനെ ഫലം കൊടുക്കേണ്ടത് ഉടനെ കൊടുക്കുന്നു. ക്രമേണ കൊടുക്കേണ്ടത് ക്രമേണ കൊടുക്കുന്നു. അൽപം താമസിച്ചുകൊടുക്കുവാനുള്ളത് താമസിച്ചു കൊടുക്കുന്നു. ഒരുവന്റെ മരണത്തിനുമുമ്പ് കൊടുക്കുവാനുള്ളത് മരണത്തിനുമുമ്പു കൊടുക്കുന്നു. മരണശേഷം കൊടുക്കുവാനുള്ളത് മരണശേഷം കൊടുത്ത് അനുഗ്രഹിക്കുന്നു.

### ഇതാണ് ഏറ്റവും വലിയ അറിവ്

2. **ഈരേഴുപതിന്നാലു ലോകങ്ങളും സർവ്വേശ്വരൻ സൃഷ്ടിച്ചു. ദേവന്മാർക്കും മനുഷ്യർക്കും കൊടുത്ത ഉപദേശം.**

എല്ലാവരും ഈശ്വരന്റെ സൃഷ്ടി-മക്കളാകുന്നു. ഈ അറിവിൽകൂടി പരസ്പരം സ്നേഹസന്തോഷത്തോടെ വിരോധദ്രോഹ വിചാരം കൂടാതെ ആരെല്ലാം ജീവിക്കുന്നു. അവർക്ക് ഇഹപരസൗഖ്യം മോക്ഷംവരെ കൊടുക്കുന്നു.

3. സത്യവും ധർമ്മവും ഈശ്വരശക്തികളാകുന്നു. സത്യത്തിന്റേയും ധർമ്മത്തിന്റേയും പാവനമാർഗ്ഗത്തിലൂടെ ആരെല്ലാം ജീവിക്കുന്നു. അവർക്ക് ഇഹപരസൗഖ്യം മോക്ഷം വരെ കൊടുക്കുന്നു.

4 അസത്യത്തിന്റേയും അധർമ്മത്തിന്റേയും മലിനമാർഗ്ഗത്തിലൂടെ ആരെല്ലാം ജീവിക്കുന്നു. അവർക്ക് നിത്യനരകമാകുന്നുഫലം.

5. ഈശ്വരാധീനം അല്പമെങ്കിലും ഉണ്ടെങ്കിൽ ഈശ്വരപ്രസാദത്താൽ അവിടെ വിജയം ഉണ്ടാകുന്നു.

ഈശ്വരപ്രസാദം അൽപ്പമെങ്കിലും ഇല്ല എങ്കിൽ എന്തെല്ലാം ഭാഗ്യൈശ്വര്യങ്ങൾ ഉള്ളവനാണെങ്കിലും അതെല്ലാം നിഷ്പ്രയോജനമായിത്തീരുന്നു.

ലോകത്തിൽ ഇന്ന് അനേകം കോടി സമ്പത്തും അനുയായികളുമുള്ള വ്യക്തിഗത മതങ്ങളും പ്രസ്ഥാനങ്ങളും ഉണ്ടെങ്കിലും അവയിൽ ഒന്നിനുപോലും കലിദോഷം നീക്കി മനുഷ്യരെ നന്നാക്കി ഒന്നാക്കി സത്യധർമ്മാദി സദാചാരസംഹിതകൾ നിത്യജീവിതത്തിൽ പരിപാലിച്ച് എല്ലാവർക്കും ദൈവീകമായ തുല്യനീതി പ്രദാനം ചെയ്യുന്ന ഒരു ലോകവ്യവസ്ഥിതി സൃഷ്ടിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ലാത്തതാകുന്നു.

ദൈവത്തിന്റെ മാർഗ്ഗമാണ് രക്ഷാമാർഗ്ഗം. ദൈവീകബോധത്തിൽ നിത്യജീവിതത്തിൽ സത്യധർമ്മാദിസദാചാരനിരതമായ സന്മാർഗ്ഗജീവിതം നയിച്ച് ജന്മസാഫല്യമായ മോക്ഷം കൈവരിക്കുന്നതിനെയാണ് യോഗാഭ്യാസം എന്നു പറയുന്നത്. **(Yoga is the Power of knowlege and handle things Properly)** ആരോടും ചെയ്യുന്ന നന്മ, അവനവനോടും ലോകത്തോടും ഈശ്വരനോടും ചെയ്യുന്ന നന്മയാകുന്നു. ആരോടും ചെയ്യുന്നതിന്മ, അവനവനോടും ലോകത്തിനോടും ഈശ്വരനോടും ചെയ്യുന്ന തിന്മയാകുന്നു. ഒരു





നല്ല മനുഷ്യൻ ഈശ്വരനെപോലെ ലോകബന്ധുവാകുന്നു.

സദാ നന്മയുടെ മാർഗ്ഗത്തിൽ സഞ്ചരിക്കണം. തിന്മയുടെ മാർഗ്ഗത്തിൽ ആരും ഒരിക്കലും സഞ്ചരിക്കാൻ പാടില്ല എന്നാണ്. പ്രകൃതിനിയമം. പ്രകൃതിനിയമം തന്നെ ഈശ്വരനിയമം. നിയമവ്യവസ്ഥയെക്കുറിച്ചുള്ള അജ്ഞത ആരേയും കുറ്റത്തിന്റെ ശിക്ഷയിൽ നിന്ന് രക്ഷിക്കുന്നില്ല. പ്രകൃതിയില്ലെങ്കിൽ ഒന്നുമില്ല. പ്രകൃതി മാതാവാണ്. പ്രകൃതിയിൽ നിന്നു വേണം എല്ലാവരും പഠിക്കാൻ.

ദൈവം പരമാത്മാവാകുന്നു. സർവ്വ വസ്തുക്കളുടെയും അകത്തും പുറത്തും നിറഞ്ഞ് എല്ലാത്തിലും വലുതായും, എല്ലാത്തിലും ഉന്നതമായും സർവ്വത്ര പ്രകാശിച്ചുകൊണ്ടിരിക്കുന്ന അത്യത്ഭുതചൈതന്യവിശേഷമാകുന്നു സർവ്വേശ്വരനായ സാക്ഷാൽദൈവം. അരൂപനെന്നും സരൂപൻ എന്നും പറയുന്ന ഈ ദൈവത്തെ കഴിഞ്ഞാൽ പിന്നത്തെ ലോകമഹാശക്തിയാകുന്നു പരാശക്തി. ഈ പരാശക്തിയാണ് മഹാമായയായും പ്രകൃതിയായും ലോകമാതാവായും സ്ഥിതി ചെയ്യുന്നത്.

ദൈവസ്വരൂപങ്ങളായ മാതാവ്, പിതാവ്, സദ്ഗുരു എന്നിവർക്കാണ് ഗുരു സംജ്ഞയോജിക്കുന്നത്. അവരെ ശുശ്രൂഷിക്കുക, വിദ്യയും ശിക്ഷണവും നേടുക എന്നിവ ശിഷ്യന്റേയും നൽകേണ്ടത് ഗുരുവിന്റേയും കടമയാകുന്നു.

**ജ്ഞാനികൾ പറയുന്നു**

"കഴുത ചന്ദനം ചുമന്നു നടക്കുന്നതുപോലെയാണ് മനുഷ്യൻ ഈ ശരീരം വഹിച്ചുനടക്കുന്നത്. കഴുതയ്ക്ക് ചന്ദനത്തിന്റെ വിലയോ സുഗന്ധമോ ഒന്നും അറിയില്ല. ഇതുപോലെ മനുഷ്യനും ശരീരതത്വം അറിയുന്നില്ല. എന്നാൽ കഴുതയെപ്പോലെ ശരീരവും ചുമന്നു നടക്കുന്നു.

ശാസ്ത്രം പഠിച്ചു നന്നായ് പ്രസംഗം ചെയ്തീടുവാ-
നത്യന്തം നിപുണന്മാരായുള്ളോരാണെന്നാലും,
ഉർവ്വിയിൽ ബുദ്ധിമാനായുള്ളവൻ ഞാനെന്നുള്ള-
ഗർവ്വമാർന്നെന്നും രാഗദ്വേഷഭൂയിഷ്ഠന്മാരായ്,
വർത്തിച്ചുകൊണ്ടീടുന്ന മർത്ത്യന്മാരെല്ലാം നല്ല-
ഗർദ്ദഭങ്ങളാണൊട്ടുമവരെത്തൊട്ടീടൊല്ലാ.

(മഹാരാമായണമെന്ന ജ്ഞാനവാസിഷ്ഠം - നിർവ്വാണ പ്രകരണം ദേവപൂജോപാഖ്യാനം)

www.bhaktashramam.org, Email: bhaktashramam@ymail.com, Ph: 9249502297

നമുക്ക് എന്തെല്ലാം സിദ്ധിക്കുന്നു. അതെല്ലാം ഈശ്വരന്റെ അനുഗ്രഹം കൊണ്ട് സിദ്ധിക്കുന്നതാകുന്നു. ഈ ബോധത്തോടെ സർവ്വേശ്വരനെ മറക്കാതെ ഉള്ളതിൽ ഒരു ചെറിയ ഭാഗമെങ്കിലും ഈശ്വരാർപ്പണമാക്കി ചെയ്തു സർവ്വേശ്വരനെ പ്രസാദിപ്പിച്ചുകൊണ്ട് ജീവിക്കുന്നതായാൽ കരുണാസാഗരനും ഭക്തവത്സലനും ദീനരക്ഷകനുമായ ശ്രീ ഭഗവാൻ വേണ്ടതെല്ലാം തന്ന് നമ്മളെ സംരക്ഷിച്ചു നമ്മുടെ ശ്രേഷ്ഠമായ മനുഷ്യജന്മം സഫലമാക്കുന്നതാണ്.

എന്തെന്നാൽ എവിടെയും എന്തും ദൈവം നടത്തിയാൽ നടക്കും. ദൈവം മുടക്കിയാൽ മുടങ്ങും. ശാസ്ത്രംപരാജയപ്പെടുന്നിടത്ത് ദൈവം ജയിക്കുന്നു.

ദേഹാദിസമസ്തവും മാമകമെന്നുള്ളൊരു-
മോഹം ബന്ധനത്തിനുകാരണമെന്നോർക്ക നീ,
വിത്തവും ഭവനവും രാജ്യവും ശരീരവു-
മിത്യാദിദൃശ്യങ്ങളായുള്ള വസ്തുക്കളെല്ലാം,
മാമകമല്ലെന്നുള്ളദൃഢനിശ്ചയം തന്നെ-
മാമുനേ! മോക്ഷത്തിന്നു കാരണമാകുന്നതും
ഇത്തരം ജനകന്റെ വചനം കേട്ടു ശുക-
നെത്രയും പ്രീതി പൂണ്ടുകൃതകൃത്യനായ് പിന്നെ-

(ശ്രീമദ് മഹാദേവീഭാഗവതത്തിൽ ഗുരുവായ ജനകമഹാരാജാവ് ശ്രീശുകനോട് വേദാന്തരഹസ്യം അരുളിച്ചെയ്യുന്ന രംഗം)

വിശുദ്ധമായ ജീവിതചര്യ ഇല്ലാതെ ദൈവശാസ്ത്ര ബിരുദ്ധം നേടിയാലും കഠിനതപം ചെയ്ത് ദൈവാനുഗ്രഹം നേടിയ പേരും പെരുമയും ആഗ്രഹിക്കാത്ത സൽഗുരുവിന്റെ ഉപദേശം കൂടാതെയും വേദാന്തം പഠിക്കാനുള്ള ശ്രമം പതിരുകുത്തി അരിയെടുക്കാൻ ശ്രമിക്കുന്നതുപോലെയാകുന്നു.

മനുഷ്യൻ എന്ന വാക്കിന് "മനീഷ" ബുദ്ധിയുള്ളവൻ, വിവേകമുള്ളവൻ, നന്മതിന്മകളെ തിരിച്ചറിയുവാൻ കഴിവുള്ളവനെന്നാണർത്ഥം. സൃഷ്ടിജാലങ്ങളിൽ മനുഷ്യനു ലഭിച്ചിരിക്കുന്ന ഒരത്ഭുതസിദ്ധിയത്രേ ഈശ്വരഭക്തി വിശ്വാസം. സിദ്ധിപാദത്തിനു മേലെയാണ് ഭക്തിപാദം. നവരസങ്ങൾക്കപ്പുറമുള്ള ഈശ്വരാനുഭൂതിയാണ് ഭക്തി. ഭക്തിയില്ലാത്ത ജ്ഞാനം അഹങ്കാരത്തിനും ജ്ഞാനമില്ലാത്ത ഭക്തി അന്ധവിശ്വാസത്തിനും കാരണമാകും.




www.bhaktashramam.org, Email: bhaktashramam@ymail.com, Ph: 9249502297

ജന്തുക്കൾക്ക് വിഷയബുദ്ധിയും മനുഷ്യനു വിശേഷബുദ്ധിയും ഈശ്വരന്റെ സൃഷ്ടിവിശേഷത്തിന്റെ ലക്ഷണമാണ്. ജന്തുക്കൾക്കില്ലാത്തതും മനുഷ്യനുമാത്രം ലഭിച്ചിരിക്കുന്നതുമായ ഈ വിശേഷബുദ്ധിയെ ഈശ്വരബോധം അഥവാ വിവേകം (അറിവ്) എന്നുപറയുന്നു.

അറിവ് ലോകത്തെ രക്ഷിക്കുന്ന സുഖസാധനവും അറിവില്ലായ്മ ലോകത്തെ ശിക്ഷിക്കുന്ന ദുഃഖസാധനവുമാകുന്നു. എത്ര പരിശ്രമിച്ചും അറിവില്ലായ്മ നീക്കുകയും അറിവുസമ്പാദിക്കുകയും ചെയ്യണം. അപ്പോഴെ യഥാർത്ഥമനുഷ്യനാകുകയുള്ളൂ!

എന്നാൽ ലോകത്തിന് ഈ നന്മ കൈവരണമെങ്കിൽ എല്ലാവരേക്കാളും വലിയവനും നല്ലവനുമായ ഈശ്വരൻ പ്രസാദിക്കണം. ഏറ്റവും വലിയ കാര്യവും നല്ല കാര്യവും ഏവരും മുൻഗണന കല്പിക്കേണ്ട കാര്യവും ഈശ്വരകാര്യമായതുകൊണ്ട് ഈശ്വരനെ പ്രസാദിപ്പിക്കുവാൻ മനുഷ്യർ സംഘടിപ്പിച്ചുനിന്ന് പ്രവർത്തിക്കണം.

ഈശ്വരഭക്തന്മാരുംസജ്ജനങ്ങളും ക്ഷേത്രങ്ങളും അതുപോലെയുള്ള സ്ഥാപനങ്ങളും മറ്റു സംഘടനകളുമെല്ലാം നിരന്തരം ആത്മാർത്ഥമായി പരിശ്രമിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ സമൂഹത്തിലെ മൂല്യച്യുതിക്കു കാരണമായ കലിദോഷം നശിച്ചുനല്ലൊരു ലോകമുണ്ടാകുവാൻ സർവ്വേശ്വരൻ അനുഗ്രഹിക്കുമെന്നു തീർച്ചയായും നമുക്കു വിശ്വസിക്കാം.

അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ രൂപമാണ് ഗുരു.

ഗുരുതത്ത്വത്തിൽ പരം തത്ത്വമില്ല!
ജ്ഞാനത്തിൽ പരം സുഖമില്ല!
ഭക്തിയിൽ പരം പൂജയില്ല!
മോക്ഷത്തിൽപരം ഫലമില്ല!

ദൈവങ്ങളെല്ലാം ഒന്ന്! മതങ്ങളെല്ലാം ഒന്ന്, മനുഷ്യരെല്ലാം ഒന്ന്!

ലോകത്തിലെ സമുദ്രങ്ങളെല്ലാം ഒന്നായി ചേർന്നു കിടക്കുന്നു. നദികളെല്ലാം സമുദ്രത്തിലേക്കൊഴുകി ചേർന്ന് ഒന്നായി നിൽക്കുന്നു. അതുപോലെ മനുഷ്യരെല്ലാം ദൈവത്തോട് ചേർന്ന് ഒന്നായിത്തീരുവാൻ സർവ്വകാരുണ്യമൂർത്തിയായ സർവ്വേശ്വരൻ എല്ലാവരേയും അനുഗ്രഹിക്കട്ടെ! അതിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഓംസർവ്വലോകശാന്തി ജയ! ജയ!! ജയ!!!**

"എന്നെ പരീക്ഷിച്ചു വിശ്വസിക്കുക, അനുഭവപ്പെടുത്തിയ ശേഷം എന്നെയും ദൂരെതള്ളുക. അനുഭവം തന്നെ സർവ്വ ശ്രേഷ്ഠം"

(വേദപ്രാമാണ്യം)

22.02.2012

*(രാമായണമാസാരംഭം പ്രമാണിച്ചുള്ള പ്രസിദ്ധീകരണം 16. 07. 2012)*

***"Believe me after experiment. After getting experience abandon me also far away. Experience alone is greatest of all. (So says veda)"***

**WONDERFUL RESULT OF SRIGURU'S GRACE**

**ADVICE OF DIVINE KNOWLEDGE TO DISPELL IGNORANCE OF SELF, REMEDIAL GOD ORDAINED RITES AND MEASURES TO SOLVE ALL KINDS OF LIFE PROBLEMS.**

**BHAJAN, SATSANG, FORTUNE PROSPERITY RITES, LESSON OF GITA, VEDAS, GIST OF RELIGIONS, KRIYA YOGA, GIST OF KUNDALINI YOGA AND PRANAYAMA. BHAKTHISANKEERTHANAMAHAYAJNA - DIVINE MUSICAL CONCERT WHICH HAS THE POWER TO INFLUENCE THE ENVIRONMENT, BODY, MIND AND SOUL - EXPERIENCE OF SUPREME BLISS - BLISS OF BHAJAN IS BRAHMANANDA.**

**REMOVING THE DEADLY INFLUENCE OF LIQUOR AND MAFIA USING DIVINE HERBAL DRINK. RELEIVING MENTAL ALCOHOLISM ALSO.**

**SRIGURU SERVICE SWAMI GURUPRASAD MADATHIPATHI
BHAKTASHRAMAM PERUMPADANNA, N. PARAVUR
PIN-683513, ERNAKULAM DISTRICT.
PHONE : 0484 - 2443731 (ASRAMAM), 2445454 (RES.),
DT.SECRETARY IAEWP KERALA CHAPTER (UNESCO)**

**(AUTHOR OF EASWARAMAHIMA, VISWADEEPTHI, PEACE IN DAY TO DAY LIFE, NAMAJAPA AND AGNIHOMA, STRUGGLE FOR KODUNGALLOOR CHARACTER PURIFICATION.)**



# സമൂഹത്തിലെ മൂല്യച്യുതി

**(സമൂഹത്തിലെ മൂല്യച്യുതി അഥവാ കാലാവസ്ഥ വ്യതിയാനകാരണവും നിവാരണവും)**

ശ്രീഗുരുമഹർഷി ഷൺമുഖദാസരുടെ ഏകശിഷ്യൻ

**ശ്രീമഹാഭക്തയോഗി സ്വാമി ഗുരുപ്രസാദ്**